II ഇ.ബി. XIII- കേരള നിയമസഭ/X-10

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**30 (*271) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, 10–02–2010–ലെ ഉത്തരവു പ്രകാരം ജൈവകാർഷിക നയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി ജൈവകൃഷി വ്യാപനം, ജൈവ ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നതെന്നും സഭയെ അറിയിച്ചു. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ തൊഴിൽ സംസ്കാരമായി വളർത്തുക, മണ്ണിന്റെ സഹജമായ പോഷകഗുണങ്ങളും ഉല്പാദനക്ഷമതയും ഉയർത്തുക, മണ്ണ്–ജല സംരക്ഷണം, ജൈവ കാർഷിക/ ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോല്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുക, രാസവസ്തു

ക്കളുടെ ഉപയോഗം ഒഴിവാക്കി രാസവിമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, ജൈവ വൈവിദ്ധ്യാധിഷ്ഠിത പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക, കൃഷിക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, പാരമ്പര്യ അറിവുകൾ പ്രയോജനപ്പെടുത്തുക എന്നിവയാണ് ജൈവകൃഷിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2013-14 -ലെ വാർഷിക കർമ്മ പദ്ധതിപ്രകാരം 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും പദ്ധതിയ ധിഷ്ഠിതമായി നടപ്പിലാക്കാനും 200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മി ക്കുന്നതിന് ധനസഹായം നൽകാനും ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നടത്തിവരികയാണ്. നെൽകൃഷി, പച്ചക്കറി/ഫലവർഗ്ഗ കൃഷി, സുഗന്ധവിളകൾ എന്നിവയ്ക്ക് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ജൈവ/ജീവാണു വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും കീടരോഗ നിയന്ത്രണത്തിന് ജൈവിക മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുകയും ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇടുക്കി ജില്ലയിൽ ഹൈറേഞ്ച് ഓർഗാനിക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയും കേരള അഗ്രികൾച്ചറൽ ഡെവലപ്മെന്റ് സൊസൈറ്റിയും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്റർനാഷണൽ കോമ്പിറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രികൾച്ചറും വയനാടിൽ വയനാട് ഓർഗാനിക് അഗ്രി കൾച്ചറൽ കൺസോർഷ്യം സൊസൈറ്റിയുമാണ് ജൈവകൃഷി നടപ്പിലാ ക്കുന്നത്. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക്

തുടങ്ങിയ വിളകളെയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അംഗീകൃത ഏജൻസികളെ വിവിധ ജില്ല കളിലായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് കൃഷി വകുപ്പ് ഡയറ ക്ടറാണ്. കൃഷി ഡയറക്ടറേറ്റിൽ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗനിർദ്ദേ ശങ്ങളും ഫണ്ടും അതാത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് ലഭ്യമാക്കുന്നുണ്ട്. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ബ്ലോക്കു തലത്തിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് പദ്ധതി നടപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പഞ്ചായത്തുതലത്തിലുള്ള കൃഷി ഭവനുകളിലൂടെ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 41 പഞ്ചായത്തുകളിലായി 14 ഫീൽഡ് മാനേജർമാരും 41 ഫീൽഡ് അസിസ്റ്റന്റുമാരും കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷി അഡീഷണൽ ഡയറക്ടർ (സി.പി) പദ്ധതികളുടെ സംസ്ഥാനതല മോണിറ്ററിംഗ് നടത്തുന്നു. 2011–12–ൽ ഓർഗാനിക് ഫാമിംഗ് നടപ്പിലാക്കു ന്നതിന് വകയിരുത്തിയ 100 ലക്ഷം രൂപ ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/– രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദി പ്പിക്കുന്നതിന് സഹായം നൽകുകയും ബോധവത്കരണ പരിപാടികൾ, സെമിനാർ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു. 2011–12 വർഷം

ജൈവകൃഷി വികസനത്തിന് 500 ലക്ഷം രൂപ വകയിരുത്തിയതിൽ 450 ലക്ഷം രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011–12–ൽ ഹെക്ടറിന് 10,000/– രൂപ നിരക്കിൽ ധനസഹായത്തോടുകൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമെ 2010–11–ൽ ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ജൈവകൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉല്പാദനക്കുറവു മൂലം ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് ഹെക്ടറിന് 10,000/– രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി. 2012–13–ൽ ജൈവകൃഷി പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തിയതിൽ 50 ലക്ഷം രൂപ 'സേഫ് ടു ഈറ്റ് വെജിറ്റബിൾ' പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 5,19,35,000/– രൂപ അനുവദിച്ചു. കേരള ബ്രാന്റ് ജൈവകൃഷി പദ്ധതി കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ മൂന്ന് ജില്ലകളിലായി 4000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ച് ഓർഗാനിക് സർട്ടിഫിക്കേഷൻ നടത്തി ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗുണമേന്മയുള്ള വിത്തുകളും തൈകളുമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതെന്നും പരാതികളുണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്നും ജൈവ കാർഷികോല്പന്നങ്ങൾ കൃഷിഭവനുകൾവഴി സംഭരി

ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. 2015–ൽ കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കാർഷിക ജില്ലയായും 2016–ൽ കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമായും മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും ജൈവകൃഷിക്ക് സബ്സിഡി നൽകുന്ന കാര്യം ആലോചിക്കുന്നതാണെന്നും .മന്ത്രി വ്യക്തമാക്കി. ജൈവ കീടനാശിനികളുടെ ഉല്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതാണ്. ഗ്രോ ബാഗുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വികേന്ദ്രീകൃത രീതിയിൽ അതത് പ്രദേശത്തിനാവശ്യമായ ജൈവവളം ഉല്പാദിപ്പിക്കേണ്ടതുണ്ടെന്നും ഇതിന് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ സബ്സിഡി നൽകുന്നതാണെന്നും ഫാക്ടറികളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതാണെന്നും ജൈവ–വൈപ്പിൻ പദ്ധതിക്കുവേണ്ടി ആർ.കെ.വി.വൈ–യിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും നബാർഡിന്റെ ഫണ്ടുകൂടി ലഭ്യമാക്കിക്കൊണ്ട് ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 31 (*272) <u>ഗാർഹിക ജൈവമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നവർക്കുള്ള ഇളവുകൾ</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയവർക്ക് കെട്ടിട നികുതിയിൽ 10% ഇളവ് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി

നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എത്ര ശതമാനം ഇളവ് നൽക ണമെന്നും വീട്ടുടമകൾ അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്നും നിശ്ചയിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഗാർഹിക ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് 90% സബ്സിഡിയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നവർക്ക് 75% സബ്സിഡിയും നൽകിവരുന്നുണ്ടെന്നും ഇതിനായി 100 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിനായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 651171, 106217 വീടുകൾക്ക് ശുചിത്വ മിഷൻവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് അനുസരിച്ച് 400 ചതുരശ്ര മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വീടുകൾ, ഫ്ളാറ്റുകൾ, കല്യാണമണ്ഡപങ്ങൾ, ആശു പത്രികൾ, വ്യാപാരകേന്ദ്രങ്ങൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, അറവുശാലകൾ, ചിക്കൻ/മത്സ്യസ്റ്റാളുകൾ, ചന്തകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ ഉറവിടത്തിൽവച്ചുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സംസ്കരിക്കേണ്ടതാണെന്ന് നിഷ്കർഷി ച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം അറവുശാലകളുടെ നവീകരണത്തിന് 7 കോടി രൂപ 13 മുനിസിപ്പാലിറ്റികൾക്കായി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആധുനിക മാലിന്യ സംസ്കരണ

പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതാണെന്നും ക്ലീൻ കേരള കമ്പനി പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് 50 കി.മീ. റോഡ് ടാർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*273) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ.കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2012–13, 2013–14 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2176.60, 2643.20 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മാർച്ച് 31–ന്ശേഷമേ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികളുടെ വിവരം ലഭ്യമാകുകയുള്ളൂ. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്താറുണ്ടെന്നും ജില്ലകൾതോറും വിജിലൻസ് മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പിൽ പാകപ്പിഴകളൊന്നും ഉണ്ടായിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നടപ്പുവർഷം അനുവദിച്ച തുകയിൽ കുറവ് വരുത്തിയിട്ടില്ല. സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന്

കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തവണത്തെ ബഡ്ജറ്റിൽ പി.എം.ജി.എസ്.വൈ. യുടെ ടെൻഡറുകൾക്കുവേണ്ടി തുക വകയിരുത്തിയിട്ടുണ്ടെന്നും ടെൻഡർ എക്സസ്സ് ആവശ്യമെങ്കിൽ നൽകുന്നതാണെന്നും സംസ്ഥാന വിഹിതത്തോടുകൂടി നടപ്പാക്കുന്ന ഐ.എ.വൈ. പദ്ധതി നടത്തിപ്പിലെ കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3196 മുതൽ 3486 വരെയുള്ള ചോദ്യങ്ങളിൽ 48 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി